# സംസ്കൃതിയുടെ ഭൂപടങ്ങൾ




ദിവ്യ സി.കെ.

പ്രൊഫ. വി. ലിസി മാത്യു



മലയാളവിഭാഗം

ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

പയ്യന്നൂർ പ്രാദേശികകേന്ദ്രം

# ഉള്ളടക്കം


മുഖവുര 5

കാഴ്ചയും കാല്പനികതയും നവോത്ഥാനപൂർവ്വ കവിതയിൽ
ഹരിദാസ്. കെ 9

രണ്ടിടങ്ങഴിയിലെ ജാതിഭാവനയുടെ രാഷ്ട്രീയം
പ്രജിത് കെ.വി. 15

അദൃശ്യ ചരിത്രത്തിന്റെ ഭാവനാലോകം
കലേഷ് എം. മാണിയാടൻ 25

കേരളത്തിലെ നാട്ടാചാരങ്ങളും പരിസ്ഥിതിസംരക്ഷണവും
താരാപണിക്കർ 32

കേൾവിസംസ്കാരവും ശ്രവ്യമാധ്യമങ്ങളും
ജൈനിമോൾ. കെ.വി 39

ജീവതകെളിയും തിടമ്പുനൃത്തവും ഉർവ്വരതയുടെ നടനാവിഷ്കാരങ്ങൾ
ഡോ. സ്മിത ജി.നായർ 47

എഴുത്തനുഭവങ്ങളുടെ പൊതുബോധം
ഡോ.പി.ശിവപ്രസാദ് 54

സംഗീതാസ്വാദനത്തിന്റെ വിവിധ തലങ്ങൾ

ഡോ. പ്രീതി.കെ.കെ 59

കേശവദേവ്- എതിർപ്പിനെ ഉപാസിച്ച എഴുത്തുകാരൻ
ഡോ.എസ്. ശ്രീകുമാരി 64

മാപ്പിളരാമായണം : മാപ്പിളഫോക്‌ലോർ മുൻനിർത്തി ഒരു അന്വേഷണം
ഫാത്തിമത്ത് റംഷീല സി.എച്ച്. 73

ആത്മപ്രതിരോധം ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'എവിടെ ജോണി'ൽ
ഫബീന. ഇ.വി 89

കുടിയേറ്റ ക്രൈസ്തവരുടെ ജീവിതം 'ഒറോത'യിൽ
അതുല്യ കര്യാക്കോസ് 93

അധികാരം, രതി, പ്രണയം : അഗ്നിശഗിനിയിൽ
ഈവ്‌ലിൻ സി.എം. 103

ചിത്തഭ്രമത്തിന്റെ അവസ്ഥാന്തരങ്ങൾ: കഥയുടെ പാഠങ്ങളിൽ
ഡോ. നിധീഷ് കെ.പി 110

# കേൾവിസംസ്കാരവും ശ്രാവ്യമാധ്യമങ്ങളും

ജൈനിമോൾ. കെ.വി
അസ്സി.പ്രൊഫസ്സർ, സി.എ.എസ്.കോളേജ് മാടായി

ചരിത്രാതീതകാലം മുതൽക്കേ മനുഷ്യർ ശരീരഭാഷകളും മുദ്രകളും പോലുള്ള വിവിധങ്ങളായ ആശയവിനിമയോപാധികൾ ഉപയോഗിച്ച് വന്നിട്ടുണ്ട്. മനുഷ്യസമൂഹം എന്ന ആശയം ഉരുത്തിരിഞ്ഞു വന്നതുതന്നെ വാമൊഴിയിലൂടെയുള്ള ആശയവിനിമയത്തിലൂടെയായിരുന്നു. ഭാഷണവും കേൾവിയുമാണ് ആദ്യകാലത്തെ വിനിമയോപാധികൾ. തൊട്ടുനോക്കിയും രുചിച്ചും മണത്തും കണ്ടും കേട്ടും ആദിമമനുഷ്യൻ ആശയങ്ങൾ കൈമാറി. ഇതിൽ ശബ്ദങ്ങൾ ഉച്ചരിച്ചുകൊണ്ടുള്ള രീതികൾക്കാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. മനുഷ്യന്റെ ചിന്തകൾപോലും ശബ്ദവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസാരഭാഷകൾ നിലനിൽക്കുകയും അത് ഉപയോഗിക്കുന്നവരിലൂടെ ജീവിക്കുകയും ചെയ്യുന്നത് അവ ശബ്ദങ്ങളെ ഉപയോഗപ്പെടുത്തുന്നത് കൊണ്ടാണ് കേൾവി ഇല്ലാതെ വായിക്കുക എന്നാൽ അതിനെ ശബ്ദത്തിലേക്ക് മാറ്റുക എന്നതാണ്; ഒന്നുകിൽ ഉച്ചത്തിലോ അല്ലെങ്കിൽ മനസ്സിലോ അത് ശബ്ദമായും കേൾവിയായും മാറുന്നു

വിനോദത്തിനും ആഹ്ലാദത്തിനും വേണ്ടിയാണ് കലകൾ നിലകൊള്ളുന്നത്. അവ മനുഷ്യന്റെ ദൈനംദിനജീവിതത്തിന് പ്രയോജനം ലഭിക്കുന്ന വസ്തുടിയാകുമ്പോൾ അവയെ പ്രയോജനകലകൾ എന്നുവിളിക്കുന്നു. ഇത്തരം കലകളിലുള്ള പ്രാവീണ്യം മനുഷ്യൻ തന്റെ നിലനിൽപ്പിനുവേണ്ടി പോരാടിത്തുടങ്ങുന്ന കാലംമുതൽ സ്വായത്തമാക്കിയിരുന്നു. പ്രതിമാനിർമ്മാണം, കൊത്തുപണി, ചിത്രകല എന്നിങ്ങനെയുള്ള കലകൾ ജീവിതമാർഗ്ഗത്തിനുവേണ്ടി മാത്രമല്ല, ആശയവിനിമയത്തിനുള്ള ഉപാധികളായും ഉപയോഗിച്ചിരുന്നു. മനുഷ്യന് മധുരാനുഭൂതി നൽകുന്ന കലകളാണ് സുകുമാരകലകൾ.